# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 7**

---

## പരിസ്ഥിതി സംരക്ഷണ ബോധവത്കരണത്തിന് എം.ജി. സർവകലാശാല-ജയരാജ് ഫൗണ്ടേഷൻ ധാരണ

*വിദ്യാർഥികൾക്കിടയിൽ പരിസ്ഥിതി ബോധവത്കരണവും ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പാക്കുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമും ജയരാജ് ഫൗണ്ടേഷനും സഹകരിച്ചു പ്രവർത്തിക്കും. ഇതു സംബന്ധിച്ച ധാരണാ പത്രത്തിൽ സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും ഫൗണ്ടേഷൻ ചെയർമാനായ ചലച്ചിത്ര സംവിധായകൻ ജയരാജും ഒപ്പുവച്ചു.*

*ധാരണപ്രകാരം സർവകലാശാലയിലെ എല്ലാ നാഷണൽ സർവീസ് സ്കീം യൂണിറ്റുകളുടെയും നേതൃത്വത്തിൽ കാമ്പസുകളിൽ പരിസ്ഥിതി ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ബേർഡ്സ് ഫോറസ്റ്റ് പരിപാടി നടപ്പാക്കുകയും ചെയ്യും. സർവകലാശാലാ എൻ.എസ്.എസും ഫൗണ്ടേഷനും സംയുക്തമായി രാജ്യാന്തര പരിസ്ഥിതി സൗഹൃദ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും ഷോർട്ട് ഫിലിം പരിശീലന പരിപാടികൾ നടത്തുകയും ചെയ്യും.*

*എൻ.എസ്.എസും ജയരാജ് ഫൗണ്ടേഷനും തമ്മിലുള്ള സഹകരണം പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് വിദ്യാർഥികൾക്ക് ഫലപ്രദമായ അവബോധം നൽകാൻ ഉപകരിക്കുമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ഡോ. ടി.വി. സുജ, നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ എന്നിവർ പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ...*

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമും ജയരാജ് ഫൗണ്ടേഷനും ഒപ്പുവച്ച ധാരണാ പത്രം സർവകലാശാലാ രജിസ്ട്രാർ*

ഡോ. ബിസ്മി ഗോപാലകൃഷ്ണനും ചലച്ചിത്ര സംവിധായകൻ ജയരാജും പ്രദർശിപ്പിക്കുന്നു. ഡോ. ടി.വി. സുജ, ഡോ. സെനോ ജോസ്, ഡോ. ഇ.എൻ. ശിവദാസൻ, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ എന്നിവർ സമീപം.

(പി.ആർ.ഒ/39/1532/2025)

## കലോത്സവ വിജയികൾക്ക് കാഷ് അവാർഡിന് അപേക്ഷിക്കാം

അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് സംഘടിപ്പിച്ച ദേശീയ ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവങ്ങളിൽ വിജയികളായ മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ വിദ്യാർഥി കൾക്കുള്ള 2024-25 അധ്യായന വർഷത്തെ കാഷ് അവാർഡിന് അപേക്ഷ ക്ഷണി ച്ചു. ആദ്യ മൂന്നു സ്ഥാനങ്ങൾ നേടിയവരെയാണ് പരിഗണിക്കുന്നത്. കോളജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ അപേക്ഷയും കലോത്സവത്തിൽ ലഭിച്ച സർട്ടിഫി ക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം മെയ് 24ന് വൈകുന്നേരം അഞ്ചു വരെ നേരിട്ടോ തപാലിലോ സമർപ്പിക്കാം. രണ്ടു കലോത്സവങ്ങളിലും സമ്മാനം നേടിയ വർ രണ്ടിനും പ്രത്യേകം അപേക്ഷ നൽകണം.

വിലാസം- ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, മഹാത്മാ ഗാന്ധി സർവകലാശാല പി.ഡി. ഹിൽസ് കോട്ടയം- 686560. വിശദ വിവരങ്ങളും അപേക്ഷാ ഫോറവും സർവകലാശാലാ വെബ്സൈറ്റിൽ(**www.mgu.ac.in)**

(പി.ആർ.ഒ/39/1533/2025)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ സിറിയക്, എംഎസ്സി ഫിസിക്സ് (മെറ്റീരിയൽ സയൻസ്) 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

....................................

ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ സംസ്കൃതം സ്പെഷ്യൽ റി വൈസ്ഡ് /പ്രീ-റിവൈസ്ഡ് -സാഹിത്യ, ന്യായ, വേദാന്ത, വ്യാകരണ(2024 അ ഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അ ഡ്മിഷനുകൾ റീ അപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീക

*രിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1534/2025)*

## <u>പരീക്ഷാ തീയതി</u>

*രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക് സയൻസസ്(സ്റ്റാറ്റിസ്റ്റിക്സ്, കെമിസ്ട്രി, ഫിസിക്സ്, കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റാ സയൻസ്), ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും, സപ്ലിമെന്ററിയും, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷൾ മെയ് 14 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

...................................

*രണ്ടാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ഇന്റലക്ചൽ ഡിസെബിലിറ്റി/ലേണിംഗ് ഡിസെബിലിറ്റി(2024 അഡ്മിഷൻ റഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് -ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷ മെയ് 23 മുതൽ നടക്കും. മെയ് 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് 13 വരെയും സൂപ്പർ ഫൈനോടുകൂടി മെയ് 14 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1535/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ